**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **10-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾ നടത്തുന്നതിനായി സർക്കാരും ജില്ലാ ഭരണകൂടവും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരെ അടക്കം ചെയ്യുന്നതിനായി M/S HML കൈവശത്തിലുണ്ടായിരുന്ന വൈത്തിരി താലൂക്ക്, വെള്ളരിമല വില്ലേജ്, ബ്ലോക്ക് നമ്പർ 32, റീസ നമ്പർ 244/1 0.26 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി വയനാട് ജില്ലാ കളക്ടറെ ചുമതലപെടുത്തികൊണ്ട് 04/08/2024ലെ സ.ഉ(സാധാ)നം.573/2024/ ഡിഎംഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പ്രസ്തുത ഭൂമി ഏറ്റെടുത്തെങ്കിലും പിന്നീട് മരണസംഖ്യ ഉയർന്ന പശ്ചാത്തലത്തിൽ ബ്ലോക്ക് നമ്പർ 32, റീസ നമ്പർ 244/1 0.1012 ഹെക്ടർ ഭൂമി കൂടി ഏറ്റെടുത്തു.<br><br>231 മൃതദേഹങ്ങൾ, 222 ശരീരഭാഗങ്ങൾ എന്നിവ ദുരന്തബാധിത പ്രദേശത്തു നിന്നും, മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ ചാലിയാർ പുഴയുടെ ഭാഗത്തു നിന്നും കണ്ടെത്തി. 172 മൃതദേഹങ്ങളും 2 ശരീരഭാഗങ്ങളും നേരിൽ പരിശോധിച്ച് ബന്ധുക്കൾ തിരിച്ചറിയുകയും തിരിച്ചറിഞ്ഞ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറുകയും ചെയ്തു. 6 മൃതദേഹങ്ങൾ തെറ്റായി തിരിച്ചറിഞ്ഞ് കൈമാറിയിട്ടുള്ളതായി DNA പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇതു കൂടാതെ 7ശരീര ഭാഗങ്ങൾ ഫോറൻസികിന് മനുഷ്യ ശരീര ഭാഗമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി കൈമാറി. തിരിച്ചറിയാൻ സാധിക്കാത്ത 53 മൃതദേഹങ്ങളും 212 ശരീരഭാഗങ്ങളും മന്ത്രിമാർ, ജില്ലാകളക്ടർ, രാഷ്ട്രീയ പ്രവർത്തകർ, വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖർ എന്നിവരുടെ സാന്നിധ്യത്തിൽ സർവ്വമത പ്രാർത്ഥനകളോടെയും ഔപചാരിക ബഹുമതികളോടെയും പുത്തുമലയിൽ തയ്യാറാക്കിയ പൊതു ശ്മശാനത്തിൽ സംസ്കരിച്ചു. ആയതിന് മഹസ്സർ തയ്യാറാക്കുകയും മൃതദേഹം മറവ് ചെയ്ത സ്ഥലത്ത് ആയത് തിരിച്ചറിയുന്നതിനായി ബോഡി നമ്പർ എഴുതിയ കല്ലുകൾ സ്ഥാപിക്കുകയും |

| | | | |
|---|---|---|---|
| | | | മൃതദേഹം മറവ് ചെയ്യുമ്പോഴുള്ള ചിത്രങ്ങൾ പകർത്തുകയും ചെയ്യു. |
| (ബി) | ഇതിനായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | **മരണപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾ നടത്തുന്നതുമായി** ബന്ധപ്പെട്ട് ഇതു വരെ 19,67,740/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവുകൾ ഇനം തിരിച്ച് കണക്കാക്കി വരുന്നതേയുള്ളൂ |

സെക്ഷൻ ഓഫീസർ